(ബി) 128.30 ലക്ഷം രൂപ അനുവദിച്ചു. 99 ലക്ഷം രൂപ ചെലവായി. 134 ലക്ഷം രൂപകൂടി വേണ്ടിവരും.

(സി) ഈ സെക്ഷനിൽ അതായത് 182/2 മുതൽ 202/0 കി.മീ. വരെയുള്ള ഭാഗത്ത് ബിറ്റുമിനസ് മക്കാഡം ജോലി ഒഴികെയുള്ള പണികളും തീർന്നിട്ടുണ്ട്. എല്ലാം പൂർത്തിയാകാൻ ഏകദേശം മൂന്നു കൊല്ലംകൂടി വേണ്ടിവരും.

അറക്കുന്നു കടവിൽ പാലം പണിയുന്നതിനുള്ള നടപടികൾ

727 [1062] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര—മാരായമുട്ടം റോഡിൽ അറക്കുന്നു കടവിൽ പാലം പണിയുന്നതിനുള്ള നടപടികൾ എത്ര കണ്ടു പുരോഗമിച്ചു;

(ബി) അതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞോ;

(സി) ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കും പാലം പണിക്കും ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കുമോ?

ഉത്തരം

(എ, ബി, & സി) ഇതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 100 രൂപയുടെ സൂചനാ വിഹിതം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പാലം പണി തുടങ്ങുംമുമ്പ് ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, എസ്റ്റിമേറ്റ് ഇവ തയ്യാറാക്കൽ തുടങ്ങിയ നടപടികൾ പൂർത്തിയാകണം.

വടശ്ശേരിക്കോണം—പാലാംകോണം റോഡ്

728 [1063] ശ്രീ. പി. കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്ന വടശ്ശേരിക്കോണം—പാലാംകോണം റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും ചെയ്യുകയുണ്ടായിട്ടുണ്ടോ?

ഉത്തരം

പ്രസ്തുത ജോലിക്ക് ആവശ്യമായ എസ്റ്റിമേറ്റ് നിലവിലുള്ള നിരക്കനുസരിച്ച് പുതുക്കി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഗവൺമെന്റ് ഏറ്റെടുത്ത റോഡുകളുടെ പണി

729 [1064] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ഗവൺമെന്റ് ഏറ്റെടുത്ത ഏതെല്ലാം റോഡുകളുടെ പണി തുടങ്ങുന്നതിന് കോൺട്രാക്ടർ വിളിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly